**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4828 05/02/2014-ൽ മറുപടിയ്ക്ക്

# ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. നാണു<br>,, മാത്യു റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പദ്ധതികളുടെ വിശദ വിവരങ്ങൾ നൽകുമോ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) സംസ്ഥാനം എന്തൊക്കെ പ്രൊപ്പോസലുകളാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത്; അതിൽ അംഗീകരിച്ചത് ഏതെല്ലാം; അംഗീകരിക്കാത്തത് ഏതെല്ലാം ; | ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വാർഷിക കർമ്മ പദ്ധതി അംഗീകാരത്തിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>2008-09-ൽ 174.2015 കോടി രൂപയുടേയും 2009-10-ൽ 69.2144 കോടി രൂപയുടേയും 2010-11-ൽ 83.88 കോടി രൂപയുടേയും 2011-12-ൽ 77 കോടി രൂപയുടേയും 2012-13-ൽ 85 കോടി രൂപയുടേയും ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വാർഷിക കർമ്മ പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2008-09-ൽ 8.46 കോടി രൂപയുടേയും 2009-10-ൽ 13.56 കോടി രൂപയുടേയും 2010-11-ൽ 10.23 കോടി രൂപയുടേയും |

2011-12-ൽ 14.43 കോടി രൂപയുടേയും 2012-13-ൽ 3.2682 കോടി രൂപയുടേയും ദേശീയ ഔഷധസസ്യ മിഷന്റെ വാർഷിക കർമ്മ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയതിൽ 2008-09-ൽ 3.79 കോടി രൂപയുടേയും 2009-10-ൽ 9.15 കോടി രൂപയുടേയും 2010-11-ൽ 9.77 കോടി രൂപയുടേയും 2011-12-ൽ 2.24 കോടി രൂപയുടേയും 2012-13-ൽ 2.8 കോടി രൂപയുടേയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

സി) നടപ്പു വർഷം ഏതെല്ലാം പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത്; അത് ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

സി) നടപ്പു വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 100 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിയും ദേശീയ ഔഷധസസ്യ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 3.5236 കോടി രൂപയുടെ വാർഷിക കർമ്മപദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | പദ്ധതി | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
|---|---|---|---|---|---|---|
| | | ലക്ഷം രൂപയിൽ | | | | |
| 1. | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ | 5686.67 | 9380.5 | 7207.25 | 7101.61 | 4102.4 |
| 2. | ദേശീയ ഔഷധസസ്യ മിഷൻ | 343.67 | 131.25 | 133.67 | 215.294 | 210.41 |
| 3. | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി (2011-12 മുതൽ നടപ്പിലാക്കുന്നത്) | | | | | |
| i. | പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരക്ഷിതകൃഷി | | | | | 505 |
| ii. | വാഴ പച്ചക്കറി എന്നിവയുടെ സൂക്ഷ്മകൃഷി | | | | | 150 |
| iii. | ടിഷ്യുക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി | | | | | 312 |
| iv. | കൂൺ ഉത്പാദന യൂണിറ്റുകളുടെ സ്ഥാപനം | | | | | 28.125 |
| v. | ഇടുക്കി ജില്ലയിലെ ശീതമേഖല ഫലവൃക്ഷ കൃഷി വ്യാപനം | | | | | 570.23 |
| vi. | വട്ടവട- കാന്തല്ലൂർ പ്രദേശങ്ങളിലെ ശീതകാല പച്ചക്കറികൃഷി | | | | 275.49 | 885.56 |
| vii. | വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2011-12 | | | | 1070 | |
| viii. | ഭാരത് സേവക് സമാജിന്റെ വനിത പങ്കാളിത്ത കൂട്ടായ്മയിൽ കൂൺ ഉത്പാദനം | | | | | 157.5 |
| ix. | വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13 | | | | | 700 |
| x. | പച്ചക്കറി കൃഷി പ്രോത്സാഹനം | | | | | 496.125 |
| xi. | വാഴയുടെ വിള വിസ്തൃതി വ്യാപനം | | | | | 1312.5 |
| xii. | സംഘമൈത്രിയ്ക്ക് ഗ്രാമീണ വിപണി സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം | | | | | 25.2 |
| 4. | ഹൈടെക് കൃഷി | | | | | 144.6338 |
| 5. | പച്ചക്കറി കൃഷി വികസനം | | | | | 239.4 |

Sobhana
സെക്ഷൻ ഓഫീസർ